# Weekly Devotion - May 2018

## The enthroned laughter

## സിംഹാസനസ്ഥന്റെ ചിരി




ഒരിക്കൽ കൽക്കട്ടയിലെ ഒരു കുടുംബം അവരുടെ ഏക മകനുമായി മദർ തെരേസ്സയുടെ അനാഥ മന്ദിരം സന്ദർശിച്ചു. പങ്കുവയ്ക്കലിനെപ്പറ്റി മകനെ പഠിപ്പിച്ച രക്ഷകർത്താക്കൾ കുട്ടികൾക്കുള്ള സമ്മാനപ്പൊതിയുമായി വന്ന് മകനെക്കൊണ്ട് കൊടുപ്പിച്ചു. എന്നാൽ സ്ഥലം ചുറ്റിക്കണ്ട കുഞ്ഞ് വലിയവരുടെ സംസാരം കേൾക്കുകയുണ്ടായി ഇന്ന് കുഞ്ഞുങ്ങൾക്കു നൽകുവാൻ പഞ്ചസാരയില്ലെന്ന് . അന്നു മുതൽ ഈ കുഞ്ഞ് പഞ്ചസാര ഉപയോഗിക്കാതെ അതെല്ലാം ശേഖരിക്കുവാൻ തുടങ്ങി. പാത്രം നിറയുമ്പോൾ അവൻ അനാഥമന്ദിരത്തിന്റെ ചുമതലക്കാരെ ഏല്പിച്ചു. തന്റെ ആഗ്രഹം ഉപേക്ഷിച്ച് ചെറുപ്രായത്തിൽ മധുരം പങ്കു വച്ച കുഞ്ഞിനേയും ആ നല്ല ഉപദേശം അവനു നൽകിയ മാതാപിതാക്കളെ നോക്കിയും ദൈവം

ചിരിക്കുന്നു. ഇത് സന്തോഷത്തിന്റെ , സംതൃപ്തിയുടെ അനുമോദനത്തിന്റെ ചിരി യാണ്.

ആഡംബര ജീവിതത്തിന്റെ പിൻപേ പരക്കം പാഞ്ഞ മറ്റൊരു കുടുംബം sunday school ൽ തങ്ങളുടെ മകനെ അയയ്ക്കാതിരുന്നതിനെപ്പറ്റി ശുശ്രൂഷകൻ തിരക്കി. ശുശ്രൂഷകനോട് മാതാപിതാക്കൾ പറഞ്ഞ മറുപടി sunday school ൽ അവന് ബോറടി ആണ് എന്നത്രെ. പണം കൊണ്ട് നേടിയ സുഖങ്ങൾ ഉള്ളപ്പോൾ അവൻ അവിടെ വന്ന് സമയം കളയുകയില്ല എന്നായിരുന്നു. ലോകമോഹത്തിൽ നശിക്കുന്ന ഈ മകനെയും , അവന്റെ മാതാപിതാക്കളെയും നോക്കി അവരുടെ അഹങ്കാരം ഓർത്ത് ദൈവം ചിരിയ്ക്കുന്നു. അത് വിഢികളായ ഇവരുടെ നേരെ യുള്ള പരിഹാസത്തിന്റെ ചിരിയാണ്.

ദൈവവചനത്തിൽ ദൈവം ചിരിച്ചതായി നാലു പ്രാവശ്യം രേഖപ്പെടുത്തിയിരി ക്കുന്നു.(1) സങ്കീ.: (2:4), (2)(37:13) , (3). (59:8), (4). സദൃ:(1:26)

“The one enthroned in heaven laughs” എന്നാണ് K.J.V.Bible ൽ (Psalm 2:4) സ്വർഗ്ഗത്തിൽ വസിക്കുന്നവൻ എന്ന പ്രസ്താവനയിൽ നിന്നും ഉന്നതത്തിലിരി ക്കുന്നവൻ, കീഴോട്ടു നോക്കി സകലവും കാണുന്നവനാണ് ചിരിക്കുന്നത് എന്ന് കാണുന്നു. സങ്കീ. (115:3)ൽ സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ആര് എന്ന് കാണാം. നമ്മുടെ ദൈവം സ്വർഗ്ഗത്തിൽ ഉണ്ട്. തന്നെ ഭയപ്പെട്ട് അനുസരിച്ച മിസ്രേമ്യ സൂതി കർമ്മണികളെ നോക്കി യഹോവ ചിരിക്കുന്നു എന്ന് കാണാം. ഞെക്കികൊല്ലാനയച്ച വർ പ്രതിഫലേച്ഛ മറന്ന് കുഞ്ഞുങ്ങളെ രക്ഷിച്ചു. യിസ്രയേല്യരെ തുടച്ചു മാറ്റുവാൻ ആഗ്രഹിച്ച ഫറവോന്റെ മകളെ കൊണ്ട് മോശ എന്ന തിരഞ്ഞെടുത്ത പൈതലിനെ വളർത്തുകയും മോശയ്ക്ക് രാജകീയ വിദ്യാഭ്യാസം നൽകിക്കയും ചെയ്ത ദൈവം എത്ര വലിയവൻ. സൂതി കർമ്മിണികളെ നോക്കി സന്തോഷത്തിന്റെ ചിരി ചിരിച്ച ദൈവം, ഫറവോനെ നോക്കി പരിഹസിച്ച് ചിരിച്ചു കാണും.

സങ്കീ: (2:4), സങ്കീ: (37:13)ലും കർത്താവ് ചിരിക്കുന്നു എന്ന് രേഖപ്പെടുത്തി യത് ദുഷ്ടനെപ്പറ്റി വിവരിച്ച ശേഷമാണ്. ദുഷ്ടൻമാർ യഹോവയ്ക്കും അവന്റെ

അഭിഷക്തനും എതിരായി ഗൂഢാലോചന ചെയ്യുന്നു. അവർ തങ്ങളുടെ ആലോചനകളുടെ വ്യർത്ഥത മനസ്സിലാക്കുന്നില്ല. നീതിമാൻമാർക്കെതിരെ പല്ലുകടിച്ച് ദോഷം പ്രവർത്തിക്കുന്ന ഈ വിഢികളുടെ വൃഥാ പ്രയത്നം നോക്കിയാണ് യഹോവ ചിരിക്കുന്നത്.

മുന്നറിയിപ്പുകൾ ലഭിച്ചിട്ടും തെറ്റു ചെയ്യുന്നവരെ നോക്കി യഹോവ ചിരിക്കുന്നു. സദൃ:(1:25, 26)വാക്യങ്ങളിൽ "എന്റെ ശാസനയെ ഒട്ടും അനുസരിക്കാതിരുന്നവരുടെ അനർത്ഥ ദിവസത്തിൽ ചിരിയ്ക്കും" എന്ന് യഹോവ വ്യക്തമാക്കുന്നു. കൂടാതെ യഹോവ കേൾക്കുകയില്ല എന്നു കരുതി നീതിമാന്റെ നേരെ ആക്രോശിക്കുകയും , വായ് കൊണ്ട് അശുദ്ധവാക്കുകൾ പറയുന്നവരെ നോക്കി യഹോവ ചിരിയ്ക്കുന്നു. നമ്മുടെ ചിന്തകൾ പോലും മനസ്സിലാക്കുന്നവൻ നമ്മുടെ വായിലെ വാക്കുകൾ കേൾക്കാതിരിക്കുമോ? സങ്കീ.(59:8)ൽ ദോഷത്വം ചിന്തിക്കുന്ന ഇവരെ നോക്കിയാണ് യഹോവ ചിരിയ്ക്കുന്നത്.

പ്രീയമക്കളേ ! സകലവും കാണുകയും കേൾക്കുകയും ചെയ്യുന്ന ദൈവമുമ്പാകെ അനുസരണമുള്ളവരായി നന്മ പ്രവർത്തിച്ച് നമുക്ക് ജീവിയ്ക്കാം. നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ സന്തോഷമുള്ള ചിരി കാണുവാൻ നമുക്ക് ഇടയാകണം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind